**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് — കയർ വികസനം — കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് — 'സ്ത്രീ ശാക്തീകരണവും വിദ്യാഭ്യാസ ഉന്നമനവും ലക്ഷ്യമിട്ടുള്ള ഉപരിപഠന സ്കോളർഷിപ്പ് പദ്ധതി' — ധനാനുമതി നൽകി ഉത്തരവാകുന്നു

---

വ്യവസായ (ഇ ) വകുപ്പ്

സ.ഉ.(സാധാ) നം.1520/2025/ID തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:-

1. സ.ഉ. (സാധാ) നം. 1111/2025/വ്യവ തീയതി 23.08.2025.
2. കയർ വികസന ഡയറക്ടറുടെ 24/09/2025 തീയതിയിലെ ഡി.സി.ഡി /341/2025-സി പി 5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സ്ത്രീ ശാക്തീകരണവും സ്ത്രീകളുടെ വിദ്യാഭ്യാസ ഉന്നമനവും ലക്ഷ്യമിട്ടുകൊണ്ടുള്ള ഉപരിപഠന സ്കോളർഷിപ്പ് പദ്ധതിക്ക് 2025 - 2026 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ '2851-00-106-26 (പി) കയർ ഉൽപാദന സംഘങ്ങളുടെ പുനസംഘടനയും മാനേജീരിയൽ സബ്സിഡിയും' എന്ന ശീർഷകത്തിൽ നിന്നും പരാമർശം (1) പ്രകാരം 10,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയ്ക്ക് ധനാനുമതി ലഭ്യമാക്കണമെന്ന് കയർ വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 'സ്ത്രീ ശാക്തീകരണവും സ്ത്രീകളുടെ വിദ്യാഭ്യാസ ഉന്നമനവും ലക്ഷ്യമിട്ടുകൊണ്ടുള്ള ഉപരിപഠന സ്കോളർഷിപ്പ്' പദ്ധതിക്ക് 2025 - 2026 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ '2851-00-106-26 (പി) കയർ ഉൽപാദന സംഘങ്ങളുടെ പുനസംഘടനയും മാനേജീരിയൽ സബ്സിഡിയും' എന്ന ശീർഷകത്തിൽ നിന്നും 10,00,000/- രൂപ (പത്ത് ലക്ഷം രൂപ) അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

3. ഈ തുക പിൻവലിച്ച് കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് കൈമാറുന്നതിന് കയർ വികസന ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

1) കയർ വികസന ഡയറക്ടർ, തിരുവനന്തപുരം

2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്, ആലപ്പുഴ.

3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

4) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

5) ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം.

6) ധനകാര്യ വകുപ്പ് ( E 3295667/I&PW-A3/98/2025-Fin dated 15/12/2025).

7) വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ ).

8) കരുതൽ ഫയൽ / ഓഫീസ് കോപ്പി ( IND-E2/151/2025-IND)

ഉത്തരവിൻ പ്രകാരം
Signed by
Vidya Raj P
Date: 22-12-2025 17:10:44
സെക്ഷൻ ഓഫീസർ